©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 സെപ്റ്റംബർ 26
26th September 2025
1201 കന്നി 10
10th Kanni 1201
1947 ആശ്വിനം 4
4th Aswina 1947

നമ്പർ
No.
3425

ഫാറം നമ്പർ 7

(ചട്ടം 18(1) കാണുക)

വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന പ്രാഥമിക വിജ്ഞാപനം

വിജ്ഞാപനം

DCEKM/2728/2025-C3 തീയതി : 25/09/2025

കേരള സർക്കാർ, 09/12/2015 തീയതി 2735 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 04/12/2015 തീയതിയിലെ ജി.ഓ(പി) നമ്പർ 649/2015/RD വിജ്ഞാപനം പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (കേന്ദ്ര ആക്റ്റ് 30/13) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പൊന്നുംവില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ എ) കൊച്ചി കോർപ്പറേഷൻ എറണാകുളം, വൈറ്റില-യെ നിയമിച്ചിട്ടുള്ളതും,

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ട്രേറ്റിലെ പൊന്നുംവില വിഭാഗം ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് പള്ളുരുത്തി മേഖല 40 അടി റോഡ് വികസനം സംബന്ധിച്ചുള്ള പദ്ധതിക്ക് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് 11 ആം വകുപ്പ് 1 ആം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവില പ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതുനോട്ടീസിന്റെ തീയതിയോ, ഏതാണോ അവസാനം നടന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ എ) കൊച്ചി കോർപ്പറേഷൻ എറണാകുളം, വൈറ്റില, മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, സ്ഥലത്തിലുള്ള താത്പര്യം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംശയലേശമെന്യെ വിശദീകരിക്കാത്ത അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ വിശദവിവരങ്ങൾ, എറണാകുളം ജില്ലാകളക്ടറുടെ https://ernakulam.nic.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. കൂടാതെ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടും, ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെ പകർപ്പുകൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കൊച്ചി കോർപ്പറേഷൻ വൈറ്റില കാര്യാലത്തിലും, നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

പട്ടിക

ജില്ല : എറണാകുളം **വില്ലേജ് : പള്ളുരുത്തി**

താലൂക്ക് : കൊച്ചി

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ക്രമ നമ്പർ	**സർവെ നമ്പർ**	**ഇനം**	**ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകത**	**ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റുന്നതിനുള്ള കാരണം**	**ഉടമസ്ഥരുടെ / കൈവശക്കാരുടെ വിവരങ്ങൾ**
1	721/4	പുരയിടം	പള്ളുരുത്തി മേഖല 40 അടി റോഡ് വികസനം	ബാധകമല്ല	ഓ വി ജയറാം, S/o വിശ്വനാഥൻ, തെക്കേ വാര്യം വീട്ടിൽ, പള്ളുരുത്തി.
ആകെ വിസ്തീർണം : 0.0242 ഹെക്ടർ					

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം

എറണാകുളം ജില്ലയിലെ, കൊച്ചി താലൂക്കിലെ, പള്ളുരുത്തി വില്ലേജിലെ സർവ്വെ 721/4 ൽ പ്പെട്ട 2.42 ആർ ഭൂമിയാണ് പള്ളുരുത്തി മേഖല 40 അടി റോഡ് നിർമ്മാണത്തിനായി ആവശ്യമായ വരുന്നത് ടി പദ്ധതിക്ക് റവന്യു ബി വകുപ്പിന്റെ 13.11.24 ലെ GO (Rt) 2708/RD പ്രകാരം അനുമതി ലഭിച്ചിട്ടുള്ളതാണ്. ടി പൊന്നും വില പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി ഭാരത് മാതാ സ്ക്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത് മാതാ കോളേജ്, തൃക്കാക്കര, എറണാകുളത്തിനെ അസാധാരണ gazette no.1556 തീയതി 24.4.25 ചുമതലപ്പെടുത്തിയിട്ടുള്ളതും, അന്തിമ റിപ്പോർട്ട് 18.06.2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

ഭാരത് മാതാ സ്ക്കൂൾ ഓഫ് സോഷ്യൽ വർക്ക് തൃക്കാക്കര സമർപ്പിച്ച അന്തിമ SIA റിപ്പോർട്ട് വിലയിരുത്തുന്നതിനായി 17.07.25 തീയതിയിൽ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുള്ളതും 29.7.25 തീയതി വിദഗ്ധ സമിതി മീറ്റിംഗ് നടത്തിയിട്ടുള്ളതുമാണ്. SIA report പരിഗണിച്ച് സമയബന്ധിതമായി ഭൂമി ഏറ്റെടുക്കാവുന്നതാണ് എന്നും പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറവ് ഭൂമി മാത്രമാണ് ഏറ്റെടുക്കലിന് വിജ്ഞാപനം ചെയ്തിട്ടുള്ളത് എന്നും, നിലവിലുള്ള പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ ഇല്ലായെന്നും, വിദഗ്ധ സമിതി വിലയിരുത്തി.

മേൽസാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഒരു പൊതു ആവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നതിനാലും ടി പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പള്ളുരുത്തി വില്ലേജ് സർവ്വെ 721/4 ൽ പ്പെട്ട 0.0242 ഹെക്ടർ ഭൂമി 40 അടി റോഡ് വികസനത്തിനായി 2013 ലെ RFCT LARR ACT പൊന്നും വില നടപടികൾ പ്രകാരം ന്യായമായ നഷ്ടപരിഹാരം ഏറ്റവും വേഗത്തിൽ ലഭ്യമാക്കേണ്ടതാണെന്നും, ടി സ്ഥലത്ത് നിലവിലുള്ള ഒരു ഷെഡിൽ, SYS എന്ന സംഘടയുടെ ഒരു ഓഫീസ് പ്രവർത്തിച്ചുവരുന്നതും, ടി ഷെഡിന് ആർ.ആർ പാക്കേജിന് അർഹതയുണ്ടെങ്കിൽ ആയത് നൽകാവുന്നതണെന്ന് എന്നും യോഗം ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

(ഒപ്പ്)

ജില്ലാകളക്ടർ, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.26 02:22:12 +05:30